എണ്ണപ്പനക്കൃഷിക്കുവേണ്ട വനഭൂമി

512 [919] ശ്രീ. എ.സി. ഷൺമുഖദാസ്:

,, സിറിയക് ജോൺ:

,, എ.കെ. ശശീന്ദ്രൻ:

,, ടി.പി. പീതാംബരൻ മാസ്റ്റർ:

,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു എണ്ണപ്പനകൃഷി നടത്തുന്നതിനു ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് സംസ്ഥാന വനം വകുപ്പിനോട് വനഭൂമി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്; എത്ര ഹെക്ടർ ഭൂമി ആവശ്യപ്പെട്ടിട്ടുണ്ട്;

(സി) ഇതനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങിയോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിന്റെ മാതൃ സംഘടനയായ പ്ലാന്റേഷൻ കോർപ്പറേഷൻ പുനലൂർ വനം ഡിവിഷനിൽനിന്നും 2,000 ഹെക്ടർ വനഭൂമി എണ്ണപ്പനകൃഷിക്കു ആവശ്യപ്പെട്ടിട്ടുണ്ട്. 2-9-1978-ൽ ഓയിൽ പാം ഇൻഡ്യ 4,000 ഹെക്ടർ വനഭൂമികൂടി പുനലൂർ വനം ഡിവിഷനിൽനിന്നും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി), (ഡി) ഫോറസ്റ്റ് കൺസർവൻസി ആക്ട് നിലവിൽ വന്നതിനുശേഷം (1980) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിന് കൊടുത്ത സ്ഥലങ്ങൾക്ക് കേന്ദ്രഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിട്ടുണ്ട്.

പീരുമേട് താലൂക്കിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള അപേക്ഷ

513 [921] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് എത്ര ഹൈസ്കൂൾ മാനേജുമെന്റിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(ബി) അവയിൽ പരിശോധിച്ച് അംഗീകരിച്ചവ എത്ര;

(സി) അവ ഏതെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly